"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I ആയ ശ്രീ.സോജൻ എം.പി.ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1051/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,** 26/05/2019

---

പരാമർശം:- 1. ശ്രീ.സോജൻ എം.പി. സമർപ്പിച്ച 26.10.2015 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.03.2017 ലെ MR5(L-Dis)27650/2017/ആ.വ.ഡ. നമ്പർ കത്ത്.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.04.2017, 04.08.2017, 28.02.2018,29.10.2018, 01.04.2019 തീയതികളിലെ ഇ17-3088/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**ഉത്തരവ്**

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയ ശ്രീ.സോജൻ എം.പി., ടിയാന്റെ മാതാവിന്റെ ചികിത്സയ്ക്ക് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്ററിൽ ചെലവായ `2,03,799/- രൂപ(രണ്ട് ലക്ഷത്തി മൂവായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം 2 കത്തുകൾ പ്രകാരം ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീ.സോജൻ എം.പി.യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `1,44,097/- രൂപ(രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി എഴുപത് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഒന്നാംതരം ഓവർസിയർ ആയ ശ്രീ.സോജൻ എം.പി.യുടെ മാതാവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്ററിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 1,15,278/- രൂപ (ഒരു ലക്ഷത്തി പതിനയ്യായിരത്തി ഇരുനൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V.P
**അണ്ടർ സെക്രട്ടറി**

1. ശ്രീ.സോജൻ എം.പി., ഓവർസിയർ ഗ്രേഡ് I (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.